# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 ജൂലൈ 27**

---

## എം.ജി സർവകലാശാലാ ബിരുദ പ്രവേശനം; ഒന്നാം സപ്ലിമെൻററി അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു

എം.ജി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിലെ ബിരുദ കോഴ്സുകളിലേക്കുള്ള ഏകജാലക പ്രവേശനത്തിൻറെ ഒന്നാം സപ്ലിമെൻററി അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു. അലോട്ട്മെൻറ് ലഭിച്ചവർ നിശ്ചിത സർവകലാശാലാ ഫീസ് ഓൺലൈനിൽ അടച്ച് പ്രവേശനം ഉറപ്പാക്കണം.

താത്കാലിക പ്രവേശനത്തിനായി കോളജുകളിൽ ഹാജരാകേണ്ടതില്ല. സ്ഥിര പ്രവേശനം നേടുന്നവർ കോളജുകളിൽ നേരിട്ടെത്തി ട്യൂഷൻ ഫീസ് അടച്ച് പ്രവേശനം നേടണം. ഒന്നാം ഓപ്ഷനിൽ അലോട്ട്മെൻറ് ലഭിച്ചവർ സ്ഥിര പ്രവേശനം എടുക്കണം. ഇവർക്ക് താത്കാലിക പ്രവേശനത്തിന് ക്രമീകരണമില്ല.

താത്കാലിക പ്രവേശനം എടുക്കുന്നവർ ഓൺലൈനിൽ ഫീസ് അടച്ചശേഷം ലഭിക്കുന്ന അലോട്ട്മെൻറ് മെമ്മോ ഓഗസ്റ്റ് എട്ടിനു മുൻപ് കോളജുകളിലേക്ക് ഇമെയിലിൽ അയച്ചാണ് പ്രവേശനം സ്ഥിരീകരിക്കേണ്ടത്. പ്രവേശനം ഉറപ്പാക്കിയതിൻറെ തെളിവായി കൺഫർമേഷൻ സ്ലിപ്പ് ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കണം. പ്രവേശനവുമായി ബന്ധപ്പെട്ട പരാതികളുണ്ടെങ്കിൽ സമർപ്പിക്കുന്നതിന് കൺഫർമേഷൻ സ്ലിപ്പ് ആവശ്യമാണ്.

ഓഗസ്റ്റ് ഒന്നിന് വൈകുന്നേരം നാലിനു മുൻപ് സർവകലാശാലാ ഫീസ് അടയ്ക്കാത്തവരുടെയും ഫീസ് അടച്ചശേഷം പ്രവേശനം ഉറപ്പാക്കാത്തവരുടെയും അലോട്ട്മെൻറ് റദ്ദാകും.

(പി.ആർ.ഒ/39/890/2023)

## പി.ജി. ഏകജാലക പ്രവേശനം സപ്ലിമെൻററി അലോട്ട്മെൻറ് രജിസ്ട്രേഷൻ നാളെ മുതൽ

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിൽ ബിരുദാനന്തര ബിരുദ കോഴ്സുകളിൽ ഏകജാലക പ്രവേശനത്തിനുള്ള സപ്ലിമെൻററി അലോട്ട്മെൻറിന് നാളെ(ജൂലൈ 29) രാവിലെ 11 മുതൽ രജിസ്റ്റർ ചെയ്യാം. ഓഗസ്റ്റ്

ഒന്നിന് വൈകുന്നേരം നാലു വരെയാണ് സമയം അനുവദിച്ചിട്ടുള്ളത്.

ഇതു വരെ ഓൺലൈൻ രജിസ്ട്രേഷൻ നടത്താൻ കഴിയാതിരുന്നവർക്കും പ്രവേശനം ലഭിക്കാത്തവർക്കും പ്രവേശനം ലഭിച്ചതിനു ശേഷം നിരസിക്കപ്പെട്ടവർക്കും നിശ്ചിത സമയത്ത് പ്രവേശനമെടുക്കാൻ സാധിക്കാത്താവർക്കുമാണ് അവസരം.

ഓൺലൈൻ അപേക്ഷയിൽ അപേക്ഷകൻ വരുത്തിയ പിശകു മൂലം അലോട്ട്മെൻറിനു പരിഗണിക്കപ്പെടാത്തവർക്കും അലോട്മെൻറിലൂടെ ലഭിച്ച പ്രവേശനം റദ്ദാക്കിയവർക്കും പ്രത്യേകമായി ഫീസ് അടയ്ക്കാതെ നിലവിലുള്ള ആപ്ലിക്കേഷൻ നമ്പരും പാസ്‌വേഡും ഉപയോഗിച്ച് ക്യാപ്പ് വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് ഓപ്ഷനുകൾ പുതിയതായി നൽകാം.

സപ്ലിമെൻററി അലോട്ട്മെൻറിൽ പങ്കെടുക്കുന്നവർ പുതുതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യണം. ലോഗിൻ ചെയ്ത ശേഷം നേരത്തേ സമർപ്പിച്ച അപേക്ഷയിലെ പിശകുകൾ തിരുത്തുകയും പുതിയതായി ഓപ്ഷനുകൾ നൽകുകയും ചെയ്യാം.

സ്ഥിര പ്രവേശം എടുത്തവർ സപ്ലിമെൻററി അലോട്ട്മെൻറിൽ അപേക്ഷിക്കുകയും അലോട്മെൻറ് ലഭിക്കുകയും ചെയ്താൽ പുതുതായി ലഭിക്കുന്ന അലോട്ട്മെൻറിൽ പ്രവേശനം എടുക്കണം.

ഇവരുടെ മുൻ പ്രവേശനം റദ്ദാകും. ഒരു തവണ ക്യാപ്പിലൂടെ അപേക്ഷാ ഫീസ് അടച്ചവർക്ക് വീണ്ടും ഫീസ് അടയ്ക്കാതെ സപ്ലിമെൻററി അലോട്ട്മെൻറിൽ പങ്കെടുക്കാം.

(പി.ആർ.ഒ/39/891/2023)

## എം.ജി. പി.ജി; സ്പോട്ട് അഡ്മിഷൻ

ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മൾട്ടിഡിസിപ്ലിനറി പ്രോഗ്രാംസ് ഇൻ സോഷ്യൽ സയൻസസ്(ഐ.എം.പി.എസ്.എസ്)ൽ പഞ്ചവത്സര ഇൻറഗ്രേറ്റഡ് മാസ്റ്റേഴ്സ് പ്രോഗ്രാംസ് ഇൻ സോഷ്യൽ സയൻസ് കോഴ്സിൽ ഓപ്പൺ, എസ്.സി, ഈഴവ വിഭാഗങ്ങളിൽ സീറ്റുകൾ ഒഴിവുണ്ട്.

യോഗ്യരായവർ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ജൂലൈ 31ന് ഐ.എം.പി.എസ്.എസ് ഓഫീസിൽ എത്തണം. ഫോൺ: 9717039874, ഇമെയിൽ: impss@mgu.ac.in

.........................

സ്കൂൾ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആൻഡ് സ്പോട്സ് സയൻസസിൽ മാസ്റ്റർ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആൻറ് സ്പോർട്ട്സ്(എം.പി.ഇ.എസ്-2023 അഡ്മിഷൻ) കോഴ്സിൽ 12 സീറ്റുകൾ ഒഴിവുണ്ട്.

ക്യാറ്റ് പ്രോസ്പെക്ടസ് പ്രകാരം യോഗ്യതയുള്ളവർ ജൂലൈ 31ന് രാവിലെ 7.30ന് അസൽ സർട്ടിഫിക്കറ്റുകളുമായി വകുപ്പ് ഓഫീസിൽ എത്തണം. ഫോൺ: 0481 – 2732368

.........................

സ്കൂൾ ഓഫ് പ്യുവർ ആൻറ് അപ്ലൈഡ് ഫിസിക്സിൽ എം.എസ്.സി ഫിസിക ്സ് പ്രോഗ്രാമിന് എസ്.സി(2), എസ്.ടി(1) വിഭാഗങ്ങളിൽ സീറ്റുകൾ ഒഴിവുണ്ട്.

യോഗ്യരായവർ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ജൂലൈ 31ന് രാവിലെ 11ന് നേരിട്ട് വകുപ്പ് ഓഫീസിൽ എത്തണം. ഫോൺ: 8304053954, ഇമെയിൽ:spap@mgu.ac.in

.........................

സ്കൂൾ ഓഫ് സോഷ്യൽ സയൻസസിൽ എം.എ ഹിസ്റ്ററി കോഴ്സിൽ എസ്.ടി, എൽ.സി വിഭാഗങ്ങളിൽ ഒന്നു വീതവും എം.എ ആന്ത്രോപോളജി കോഴ്സിൽ എസ്.സി വിഭാഗത്തിൽ മൂന്നും ഇ.ഡബ്ല്യു.എസ് വിഭാഗത്തിൽ രണ്ടും ഒ.ബി.എച്ച് വിഭാഗത്തിൽ ഒന്നും സീറ്റുകൾ ഒഴിവുണ്ട്.

താല്പര്യമുള്ളവർ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ഓഗസ്റ്റ് ഒന്നിന് ഉച്ചകഴിഞ്ഞ് രണ്ടിനു മുൻപ് പുല്ലരിക്കുന്നിലെ ഓഫീസിൽ എത്തണം. ഫോൺ: 9995203470

.........................

ഡിപ്പാർട്ട്മെൻറ് ഓഫ് ലൈഫ് ലോംഗ് ലേണിംഗ് ആൻഡ് എക്സ്റ്റൻഷൻ നടത്തുന്ന എം.എ കൗൺസിലിംഗ് പ്രോഗ്രാമിൽ എസ്.സി വിഭാഗത്തിൽ നാലും എസ്.ടി വിഭാഗത്തിൽ രണ്ടും സീറ്റുകൾ ഒഴിവുണ്ട്.

ഏതെങ്കിലും വിഷയത്തിൽ അംഗീകൃത സർവകലാശാലാ ബിരുദമാണ് അടിസ്ഥാന യോഗ്യത. താല്പര്യമുള്ള വിദ്യാർഥികൾ യോഗ്യതാ സർട്ടിഫിക്കറ്റുകളുമായി ജൂലൈ 31ന് രാവിലെ 11ന് വകുപ്പിൽ നേരിട്ട് എത്തണം. ഫോൺ: 08301000560

.........................

സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസിൽ ബിരുദാനന്തര ബിരുദ കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിൽ സ്പോട്ട് അഡ്മിഷൻ ജൂലൈ 31ന് നടക്കും.

എം.ടെക് എനർജി സയൻസ് ആൻഡ് ടെക്നോളജി(ജനറൽ മെരിറ്റ്-6), എം.എസ്.സി മെറ്റീരിയൽ സയൻസ് (സ്പെഷലൈസേഷൻ ഇൻ എനർജി സയൻസ്- ജനറൽ മെരിറ്റ്-4,എസ്.സി-1 എസ്.ടി -1) എം.എസ്.സി ഫിസിക്സ് (സ്പെഷലൈസേഷൻ ഇൻ എനർജി സയൻസ്- എസ്.സി-1, എസ്.ടി-1), എം.എസ്.സി കെമിസ്ട്രി(സ്പെഷലൈസേഷൻ ഇൻ എനർജി സയൻസ്-എസ്.സി-1, എസ്.ടി-1) എന്നിങ്ങനെയാണ് ഒഴിവുകളുടെ എണ്ണം.

താത്പര്യമുള്ളവർ അസൽ യോഗ്യതാ സർട്ടിഫിക്കറ്റുകളുമായി ജൂലൈ 31ന് ഉച്ചയ്ക്ക് 12ന് മുൻപ് വകുപ്പ് ഓഫീസിൽ(റൂം നം. 302, കൺവെർജൻസ് അക്കാദമിയ കോംപ്ലക്സ്) എത്തണം. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ. ഫോൺ: 7736997254

(പി.ആർ.ഒ/39/892/2023)

## പരീക്ഷകൾക്ക് അപേക്ഷിക്കാം

നാലാം സെമസ്റ്റർ എം.ആർക്(2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷയുടെ ലാൻഡ് സ്കേപ്പ് ആർക്കിടെക്ചർ തീസീസിൻറെ തീസീസ് ഇവാല്യുവേഷനും വൈവ വോസി പരീക്ഷയ്ക്കും ഓഗസ്റ്റ് ഒൻപതു വരെ

പിഴയില്ലാതെ ഫീസ് അടച്ച് അപേക്ഷിക്കാം. ഓഗസ്റ്റ് 10ന് പിഴയോടു കൂടിയും ഓഗസ്റ്റ് 11നു സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും.

....................

ഒന്നാം സെമസ്റ്റർ ബി.എഡ്(2016,2017 അഡ്മിഷനുകൾ ആദ്യ മെഴ്സി ചാൻസ്, 2015 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) പരീക്ഷകൾക്ക് ഓഗസ്റ്റ് 16വരെ പിഴയില്ലാതെ ഫീസ് അടച്ച് അപേക്ഷിക്കാം.

ഓഗസ്റ്റ് 17ന് പിഴയോടു കൂടിയും ഓഗസ്റ്റ് 18ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. ആദ്യ മെഴ്സി ചാൻസ് എഴുതുന്നവർ 5795 രൂപയും രണ്ടാം മെഴ്സി ചാൻസ് എഴുതുന്നവർ 8110 രൂപയും പരീക്ഷാ ഫീസിനും സി.വി ക്യാമ്പ് ഫീസിനുമൊപ്പം അടയ്ക്കണം.

(പി.ആർ.ഒ/39/893/2023)

## പരീക്ഷാ തീയതി

അഞ്ചാം സെമസ്റ്റർ ബി.എച്ച്.എം(2020 അഡ്മിഷൻ റഗുലർ - പുതിയ സ്കീം), (2015 മുതൽ 2019 വരെ അഡ്മിഷനുകൾ സപ്ലിമെൻററി, 2013,2014 അഡ്മിഷനുകൾ മെഴ്സി ചാൻസ് - പഴയ സ്കീം) പരീക്ഷകൾ ഓഗസ്റ്റ് രണ്ടിന് തുടങ്ങും. ടൈം ടേബിൾ വെബ്സൈറ്റിൽ.

.......................

രണ്ടാം സെമസ്റ്റർ മാസ്റ്റർ ഓഫ് ലൈബ്രറി ആൻറ് ഇൻഫർമേഷൻ സയൻസ് (2022 അഡ്മിഷന് റഗുലർ, 2020,2021 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷകൾ ഓഗസ്റ്റ് എട്ടിന് തുടങ്ങും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/894/2023)

## വൈവ വോസി

നാലാം സെമസ്റ്റർ എം.എസ്.സി ഡാറ്റ അനലിറ്റിക്സ് - ജൂലൈ 2023(2021 അഡ്മിഷൻ റഗുലർ, 2020, 2019 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ പ്രോജക്ട് ഇവാല്യുവേഷൻ, വൈവ വോസി പരീക്ഷകൾ ഓഗസ്റ്റ് ഒന്നു മുതൽ അതത് കോളജുകളിൽ നടക്കും. വിശദാംശങ്ങൾ വെബ്സൈറ്റിൽ.

.....................

രണ്ടാം സെമസ്റ്റർ എം.ബി.എ - ജൂൺ 2023(2022 അഡ്മിഷൻ റഗുലർ, 2019-2021 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ വൈവ വോസി പരീക്ഷ ഓഗസ്റ്റ് രണ്ടു മുതൽ അതത് കോളജുകളിൽ നടക്കും.

.....................

നാലാം സെമസ്റ്റർ എം.എസ്.ഡബ്ല്യു - ജൂൺ 2023(2021 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ വൈവ വോസി പരീക്ഷ

ഓഗസ്റ്റ് ഒന്നു മുതൽ അതത് കോളജുകളിൽ നടക്കും. ടൈംടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/895/2023)

## പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ ബയോ ഇൻഫർമാറ്റിക്സ് - മെയ് 2023(സി.ബി.സി.എസ്, പുതിയ സ്കീം - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് 17ന് ഇടത്തല, എം.ഇ.എസ് കോളജ് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസിൽ നടക്കും.

.....................

നാലാം സെമസ്റ്റർ എം.എസ്.സി ആക്ചൂരിയൽ സയൻസ് - ജൂൺ 2023(സി.എസ്.എസ് - 2021 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഓഗസ്റ്റ് നാലിന് മൂലമറ്റം സെൻറ് ജോസഫ് അക്കാദമി ഓഫ് ഹയർ എഡ്യുക്കേഷൻ ആൻറ് റിസർച്ചിൽ നടക്കും.

(പി.ആർ.ഒ/39/896/2023)

## കോവിഡ് സെപ്ഷ്യൽ പരീക്ഷാ ഫലം

എം.എസ്.സി ബോട്ടണി, കെമിസട്രി, അനലിറ്റിക്കൽ കെമിസ്ട്രി പ്രോഗ്രാമുകളുടെ 2020 അഡ്മിഷനിലെ ഏതാനും വിദ്യാർഥികൾക്ക് കോവിഡ് സ്പെഷ്യൽ പരീക്ഷയായി നടത്തിയ രണ്ടാം സെമസ്റ്റർ പി.ജി.സി.എസ്.എസ് നവംബർ 2022 പരീക്ഷയിലെ വിവിധ വിഷയങ്ങളുടെ ഫലം ഈ പ്രോഗ്രാമിൻറെ 2022 ജനുവരിയിലെ പരീക്ഷയിൽ ക്രമീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ ഫീസ് അടച്ച് ഓഗസ്റ്റ് അഞ്ചു വരെ ഡെപ്യൂട്ടി രജിസ്ട്രാർ 7 (പരീക്ഷ)ക്ക് സമർപ്പിക്കാം.

(പി.ആർ.ഒ/39/897/2023)

## പരീക്ഷാ ഫലം

ഐ.ഐ.ആർ.ബി.എസ് മാർച്ചിൽ നടത്തിയ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ഇൻറർഡിസിപ്ലിനറി എം.എസ്.സി(ഫാക്കൽറ്റി ഓഫ് സയൻസ് - കെമിസ്ട്രി, ക്രെഡിറ്റ് ആൻറ് സെമസ്റ്റർ) പ്രോഗ്രാമിൻറെ ഏഴ്(സപ്ലിമെൻററി), എട്ട്(റഗുലർ) സെമസ്റ്റർ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

........................

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട് കഴിഞ്ഞ നവംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ ദ്വിവത്സര എൽ.എൽ.എം (കോൺസ്റ്റിറ്റ്യൂഷണൽ ആൻറ് അഡ്മിനിസ്ട്രേറ്റീവ് ലോ, ക്രിമിനൽ ലോ, ഇൻറലക്ചൽ പ്രോപ്പർട്ടി റൈറ്റ്സ് - ഫാക്കൽറ്റി ഓഫ് ലോ) 2021-23 ബാച്ച് റഗുലർ - ക്രെഡിറ്റ് ആൻറ് സെമസ്റ്റർ പരീക്ഷയുടെ ഫലം

പ്രസിദ്ധീകരിച്ചു.

........................

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട് കഴിഞ്ഞ നവംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ പഞ്ചവത്സര ബി.ബി.എ എൽ.എൽ.ബി(ഓണേഴ്സ് - ഫാക്കൽറ്റി ഓഫ് ലോ) (20212026 ബാച്ച് റഗുലർ, 2018-2023,2019-2024,2020-2025 ബാച്ചുകൾ റീഅപ്പിയറൻസ് - ക്രെഡിറ്റ് ആൻറ് സെമസ്റ്റർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

........................

മൂന്നാം സെമസ്റ്റർ എം.എസ്.സി ബോട്ടണി - മാർച്ച് 2023(2021 അഡ്മിഷൻ റഗുലർ, 2020,2019 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 10 വരെ ഫീസ് അടച്ച് ഓൺലൈനിൽ അപേക്ഷിക്കാം.

........................

മാർച്ചിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ ഹിന്ദി(പി.ജി.സി.എസ്.എസ് - 2021 അഡ്മിഷൻ റഗുലർ, 2019-20 അഡ്മിഷൻ സപ്ലിമെൻററി), എം.എസ്.സി ബോട്ടണി(2021 അഡ്മിഷൻ റഗുലർ, 2020,2019 അഡ്മിഷനുകൾ സപ്ലിമെൻററി), എം.എസ്.സി ഇൻഡസ്ട്രിയൽ കെമിസ്ട്രി(2021 അഡ്മിഷൻ റഗുലർ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 10 വരെ ഫീസ് അടച്ച് ഓൺലൈനിൽ അപേക്ഷിക്കാം.

(പി.ആർ.ഒ/39/898/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**